ചെറുകഥ

# സാന്ത്വനം

ബഷീർ എലത്തൂർ

നാട്ടിലേക്കു പുറപ്പെടുന്നതിൻെറ തലേദിവസം കേരള അസോസിയേഷൻെറ ഭാരവാഹികളായ മുനവ്വറും , കുഞ്ഞബ്ദുള്ളയും കൂടി എൻെറ അടുത്തു വന്നു.

" ഹമീദിൻെറ കുടുംബത്തിനുള്ള സഹായധനവുമായി അടുത്ത ആഴ്ച ഞങ്ങൾ നാട്ടിലേക്ക് വരുന്നുണ്ട്.അവൻെറ വീട്ടിലേക്കുള്ള വഴി ഞങ്ങൾക്ക് കൃത്യമായിയറിയില്ല. നിങ്ങൾ കൂടിയുണ്ടായിരുന്നെങ്കിൽ വളരെ നന്നായിരുന്നു .."

" തീർച്ചയായും ഞാനുണ്ടാകും "

എൻെറ വീട്ടിലെ ടെലിഫോൺ നംബർ ഞാനവർക്കു കൊടുത്തു.

നാട്ടിലെത്തി ഒരാഴ്ച കഴിഞ്ഞപ്പോൾ
കാസർകോട്ട്നിന്നു കുഞബ്ദുള്ള വിളിച്ചു." ഞങ്ങൾ ഇന്നെത്തി., നാളെ രാവിലെത്തെ ട്രെയിനിൽ കോഴിക്കോട്ടേക്ക് വരുന്നുണ്ട് നിങ്ങൾ അവിടെ ഉണ്ടാകുമല്ലോ

പറഞ്ഞതുപോലെ പിറേറന്നു അവരെത്തി. ഞങ്ങൾ ഞങ്ങൾ മൂന്നു പേരും എൻെറ വണ്ടിയിൽ ഹമീദിൻെറ നാട്ടിലേക്കു പുറപ്പെട്ടു.

അടുത്ത നാട്ടുകാരനായിരുന്നെങ്കിലും ഹമീദിനെ എനിക്കു നേരത്തെ പരിചയമുണ്ടായിരുന്നില്ല. ഈയടുത്ത കാലത്താണ് അവൻ ഞങ്ങളുടെ ഫ്ളാററിൽ താമസക്കാരനായി എത്തിയത്.അങ്ങിനെയാണ് ഹമീദിനെ പരിചയപ്പെടുന്നതും പിന്നീട് കൂടുതൽ അടുക്കുന്നതും.വളരെ സൗമ്യ സ്വഭാവക്കരാനായ ഹമീദ് എല്ലാവരുമായി പെട്ടെന്നുതന്നെ അടുക്കുന്ന പ്രകൃതക്കാരനായിരുന്നു.

ഒററ ഷിഫ്ററ് ജോലിയായിരുന്നു ഹമീദിന്.അതുകൊണ്ട് അഞ്ചുമണിയാകുമ്പോൾ തന്നെ അവൻ ജോലികഴിഞ്ഞ് എത്തും. ജോലി കഴിഞ്ഞെത്തിയാൽ മററുള്ളവരെ പോലെ കിടന്നുറങ്ങാനോ അതല്ലെങ്കിൽ ടിവിയുടെ മുന്നിൽ ചടഞ്ഞിരുന്ന് സമയം കളയാനോ അവന് താല്പര്യമില്ലായിരുന്നു. ആ ഒഴിവ് സമയം നല്ലകാര്യത്തിനായി ഉപയോഗപ്പെടുത്താൻ വേണ്ടി അവൻ തൻെറ ബാഗുമെടുത്തു പുറത്തേക്കിറങ്ങും.ആ ബാഗിൽ നിറയെ അവൻ അംഗമായുള്ള കേരള

അസോസിയേഷൻെറ കടലാസുകളാണ്. ഒരു നിർബന്ധമായ ഡ്യൂട്ടിപോലെയാണ് ഹമീദിൻെറ സംഘടനാപ്രവർത്തനം.സാധാരണ ഗൾഫിൽ ഇങ്ങിനെയുള്ള ആളുകളെ കാണാൻ പ്രയാസമാണ്.

ധാരാളം സംഘടനകൾ ഗൾഫിൽ ഉണ്ടെങ്കിലും സാധാരണക്കാരുടെ പ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപ്പെടുന്ന സംഘടനകൾ പൊതുവെ കുറവാണ്.അധിക സംഘടനകളും പത്രകോളങ്ങളിൽ മാത്രം നിലനിൽക്കുന്നവയാണ്. അതുകൊണ്ട് തന്നെ ഗൾഫിലുള്ള സംഘടനകളോട് എനിക്കു പൊതുവെ പുച്ഛമാണ്.

ഞാൻ ഹമീദിൻെറ ആത്മാർത്ഥമായ പ്രവർത്തനങ്ങൾ കാണുംമ്പോൾ ഇതേപററി പറയുമായിരുന്നു. എന്നാൽ മററുസംഘടനകളിൽ നിന്നു വ്യത്യസ്തമാണ് അവരുടെ സംഘടനയെന്നത് ഹമീദുമായി സംസാരിച്ചപ്പോഴാണ് മനസിലായത്. അവരുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ വളരെ  ഫലവത്തായിരുന്നു.എത്രയോ രോഗികൾക്കും , അനാഥർക്കും , അഗതികൾക്കും അതുകൊണ്ട് ഫലം കിട്ടിയിരുന്നു.കൂടാതെ അംഗങ്ങൾ മരണപ്പെട്ടാൽ എല്ലാവരും ചേർന്ന് വലിയൊരു സംഖ്യ മരണപ്പെട്ടയാളുടെ അനന്തരവകാശികൾക്കു നൽകുമെന്ന കാര്യം എനിക്കു പുതിയ അറിവായിരുന്നു. അനാഥമായി പോകുന്ന കുടുംബത്തിനുള്ള സഹായം നല്ലതുതന്നെ. എന്നാൽ അങ്ങിനെ നിർധനരായ ആളുകൾക്ക് ജീവിക്കുംമ്പോൾ തന്നെ ആ സംഖ്യ നൽകികൊണ്ട് സഹായിച്ചുകൂടെയെന്നായിരുന്നു എൻെറ സംശയം. അതല്ലേ കൂടുതൽ പ്രയോജനം.ഒരാൾ മരണപ്പെട്ടിട്ട്  പിന്നീട് പൈസകിട്ടിയിട്ട് എന്തുകാര്യം. അതിനും ഹമീദിനു മറുപടിയുണ്ടായിരുന്നു. എല്ലാവരുടെ കാര്യത്തിലും അതു ശരിയല്ല. ഭാവിയെപററി ചിന്തിക്കാതെ നടക്കുന്നവർക്ക് ജീവിത കാലത്ത് അത്രയും വലിയൊരുതുക വെറുതെ കിട്ടിയാൽ അവർ അതും വേണ്ടപോലെ ഉപയോഗപ്പെടുത്തുമോ എന്നത് സംശയമാണ്.കുടുംബനാഥൻെറ അപ്രതീക്ഷമായ വേർപാടിൽ അനാഥമായിപോകുന്ന കുടുംബത്തിന് ഇയൊരു സഹായം വലിയൊരു സാന്ത്വനമയിരിക്കും.

ഇതൊക്കെ പറഞ്ഞ് എന്നെയവൻ അവൻെറ സംഘടനയിൽ അംഗമാക്കാൻ ഏറെ ശ്രമിച്ചെങ്കിലും ഞാൻ ഒഴിഞ്ഞുമാറി. ഒരു സംഘടനയിലും അംഗമാകാൻ എനിക്കു താല്പര്യമില്ലായിരുന്നു. എങ്കിലും എന്നെ കൊണ്ട് കഴിയുന്ന സഹായങ്ങൾ ഞാൻ എപ്പോഴും ചെയ്യാറുണ്ടായിരുന്നു.

ജോലി സ്ഥത്തുണ്ടായ തീപിടുത്തത്തിൽ ഹമീദ് മരിച്ചുവെന്നറിഞ്ഞപ്പോൾ വല്ലാത്തൊരു ഷോക്കായിരുന്നു ഞങ്ങൾക്ക്. ഊർജസ്ലനായ ചെറുപ്പക്കാരൻ, എല്ലാവരെയും സഹായിക്കാൻ സന്മനസുള്ള കാരുണ്യവാൻ. എല്ലാവർക്കും നല്ലതുമാത്രമേ അവനെകുറിച്ചു പറയാനുള്ളു.കുറച്ചു കാലത്തിനിടക്കു അവനുമായി വല്ലാത്തൊരു

അടുപ്പം എനിക്കുണ്ടായിരുന്നു. ഈ തവണ ഒരുമിച്ചു നാട്ടിൽപോകണമെന്നു ഞങ്ങൾ തീരുമാനിച്ചതായിരുന്നു.

കാർ പുറക്കാട്ടിരി പാലത്തിനടുത്തെത്തിയപ്പോൾ ഞാൻ ഓർത്തു മുൻപ് ഹമീദ് പറഞ്ഞു തന്ന വീട്ടിലേക്കുള്ള വഴി .പാലംകഴിഞ്ഞാൽ റോഡിൻെറ പടിഞ്ഞാറു ഭാഗത്തുനിന്നു തുടങ്ങുന്ന കട്ട് റോഡ് അവസാനിക്കുന്നത് പുറക്കാട്ടിരി  പുഴയുടെ തീരത്താണ്.അവിടെ കാണുന്ന പണിതീരാത്ത വീടായിരുന്നു ഹമീദിൻേറത്. പുഴവക്കത്ത് വണ്ടി നിറുത്തി ഞങ്ങൾ വീടിനെ ലക്ഷ്യമാക്കി നടന്നു.ചുററും ഇടതൂർന്നു നിൽക്കുന്ന തെങ്ങിൻതോപ്പുകൾ

മുററത്തെ മണ്ണിൽ കളിച്ചുകൊണ്ടിരുന്ന കുട്ടികൾ ഞങ്ങളെ കണ്ടപ്പോൾ എഴുന്നേററ് അമ്പരപ്പോടെ നോക്കി. മുനവ്വർ കയ്യിൽ കരുതിയ മിഠായി പൊതി ഇളയ കുട്ടിയുടെ കയ്യിൽ വെച്ചുകൊടുത്തു. കുട്ടികൾ വീടിനടുത്തുള്ള ഷെഡിലേക്കു കയറിപോയപ്പോൾ  പ്രായം ചെന്നൊരു സ്ത്രീ അകത്തുനിന്നു ഇറങ്ങിവന്നു.അതു ഹമീദിൻെറ ഉമ്മായായിരുന്നു.
“ ഞങ്ങൾ ഹമീദിൻെറ കുവൈററിലെ സുഹൃത്തുക്കളാണ്..”

“വീടുപണി പൂർത്തിയാക്കാത്തത് കൊണ്ട് ഇവിടെ സൗകര്യങ്ങളൊക്കെ കൊറവ്വാണ് “ എന്നു പറഞ് ഹമീദിൻെറ ഉമ്മ ഇറയത്തു ചാരിവെച്ച ചെറിയൊരു ബഞ്ച് എടുത്തു മുററത്തേക്കിട്ടു.

ഞങ്ങളാ ബെഞ്ചിലിരുന്നു.എങ്ങിനെ തുടങ്ങണമെന്ന ചിന്തയിലായിരുന്നു ഞങ്ങൾ. എന്തെങ്കിലും ചോദിക്കേണ്ടെ എന്നുകരുതി ഞാൻ ചോദിച്ചു.
“ വീടിൻെറ പണി ഇപ്പോൾ നടക്കുന്നുണ്ടോ “
 ഒരു നെടുവീർപ്പിൻെറ പിന്നാലെ അവർ പറഞ്ഞു. “ അവൻ പോയതോടെ എല്ലാം നിന്നു. വീട്പണി തീർന്നാൽ തമാസിക്കാൻ വരാമെന്ന് എപ്പോഴും പറയുമായിരുന്നു..   “ ഒരു കരച്ചിൽ അവരുടെ തൊണ്ടയിൽ കുടുങ്ങി. അതു തടയാൻ അവർ പ്രയാസപ്പെട്ടു.തട്ടത്തിൻെറ അററംകൊണ്ട് മുഖംപൊത്തി അവർ നിശബ്ദമായി കരഞ്ഞു.

ആ ദുഖം കാണാൻ കഴിയാത്തത്കൊണ്ട് ഞാൻ വീടിൻെറ നേരെ നോക്കി. മുക്കാൽ ഭാഗത്തോളം പണി തീർന്ന ചെറിയൊരു വീട്. ഹമീദിൻെറ സ്വപ്നമായിരുന്നു ഈ വീട്. അവൻ എപ്പോഴും വീടിനെപററി പറയുമായിരുന്നു.ഒരോ പണി കഴിയുംമ്പോഴും അതിൻെറ ഫോട്ടോ എനിക്ക് കാണിച്ച് തരും. വീടിൻെറ പണി വിചാരിച്ചത്പോലെ തീർക്കാൻ കഴിയാത്തത് കൊണ്ട് മൂന്നാല് വർഷമായി ഹമീദ് നാട്ടിൽ പോയിട്ട്.വീടുപണി കാരണമായിട്ടുള്ള സാമ്പത്തിക പ്രയാസം കാരണം അവൻ നാട്ടിലേക്കുള്ള യാത്ര മാററി മാററി വെക്കുകയായിരുന്നു. അവസാനം...

ഇളയ കുട്ടിയെ അവൻ നേരിൽ കണ്ടിട്ടു പോലുമുണ്ടായിരുന്നില്ല.
എപ്പോഴും ആ കുട്ടിയുടെ ഫോട്ടോ എടുത്തു നോക്കും.
അതുകാണുംമ്പോൾ ഞാൻ തമാശയായി പറയും
"ഇങ്ങിനെ നോക്കിയാൽ ആ ഫോട്ടോ മാഞ്ഞു പോകും. നാട്ടിൽ
പോയി വേഗം മോനെ
കാണാൻ നോക്കൂ "
അപ്പോൾ ചിരിച്ചുകൊണ്ട് ഹമീദ് പറയും " ഇക്കാ നാട്ടിൽ പോകാൻ
ആഗ്രഹമില്ലാഞ്ഞിട്ടല്ല വീടിന്റെ പണി കഴിയാൻ വേണ്ടി
കാത്തിരിക്കാണ്..."

അവനുണ്ടായിരുന്നുവെങ്കിൽ ഇവിടെയുള്ള ഈ ഒത്തുചേരൽ മററൊരു
തരത്തിലാകുമായിരുന്നു. വാതിൽക്കൽ കാൽപെരുമാററം കേട്ടു ഞാൻ
അങ്ങോട്ടുനോക്കി. കുട്ടികളുടെ പിന്നിൽ ഹമീദിന്റെ ഭാര്യ.അവർ
കയ്യിലുള്ള ട്രേയിൽനിന്നു ചായ ഗ്ളാസുകൾ ഞങ്ങൾക്ക് നൽകി.
ഇപ്പോഴും തോർന്നു തീരാത്ത കണ്ണുനീർ അവരുടെ മുഖത്തുകണ്ടു.
യതീംഖാനയിൽ നിന്നായിരുന്നു ഹമീദ് തന്റെ ജീവിത സഖിയെ
കണ്ടെത്തിയത്. അതും അവന്റെ ഒരു തീരുമാനമായിരുന്നു
ആരോരുമില്ലാത്ത ഒരു പെൺകുട്ടിക്ക് ഒരു ജീവിതം
നൽകുക.സന്തോഷകരമായിരുന്നു അവരുടെ കൊച്ചു
ജീവിതം.അതിനിടയിലാണ് തീരെ പ്രതീക്ഷിക്കാതെ...

ഹമീദിന്റെ പെട്ടെന്നുള്ള മരണത്തിൽ തികച്ചും അനാഥരായി
പോയവരാണിവർ. ഹമീദിന് ബന്ധുക്കളെന്ന് പറയാൻ
അധികമാരുമില്ല. ഉള്ളവർക്കാണെങ്കിൽ സഹായിക്കാനുള്ള
ചുററുപാടുമില്ല. ഹമീദായിരുന്നു അവർക്കൊക്കെ ഒരത്താണി.
ജനിച്ചപ്പോൾ തന്നെ അനാഥയായ ഭാര്യക്ക് ഹമീദായിരുന്നു
എല്ലാമെല്ലാം.വിധി അവനെ തട്ടിയെടുത്തപ്പോൾ വീണ്ടും അവൾ
അനാഥയായി അതോടൊപ്പം പറക്കമുററാത്ത കുട്ടികളുടെയും പ്രായം
ചെന്ന ഉമ്മയെയും സംരക്ഷിക്കേണ്ട ഭാരംകൂടി അവളുടെ ചുമലിലായി.
ഹമീദ് ഇല്ലാത്തത്കൊണ്ട് നിത്യ ചിലവിനുപോലും ഇവർ
ബുദ്ധിമുട്ടുന്നുണ്ടാവുമെന്ന് ഞാൻ ഊഹിച്ചു. കാരണം ഹമീദ്
ഇതുവരെ സമ്പാദിച്ചതൊക്കെ വീടിനും കടുംബത്തിനുംവേണ്ടി
ചിലവാക്കി കഴിഞ്ഞിരുന്നു.നാളേക്ക്വേണ്ടി എന്തെങ്കലും
കരുതിവെക്കാൻ അവന് ഇതുവരെ കഴിഞ്ഞിരുന്നില്ല.അതുകൊണ്ട്
ഭാവി ഇവരുടെ മുന്നിൽ ഇരുളടഞ്ഞു നിൽക്കുന്നു....

കുഞ്ഞബ്ദുള്ള എഴുന്നേററു ഹമീദിന്റെ ഭാര്യയുടെ നേരെ കവർ
നീട്ടികൊണ്ട് പറഞ്ഞു

" പുരയുടെ പണി തീർക്കാനും നിങ്ങളുടെ ഭാവി ജീവിതത്തിനുമായി
കുറച്ചു പണം ഇതിലുണ്ട്'
അടർന്നു വീണ കണുണുനീർ പുറംകൈകൊണ്ട് തുടച്ചു വിറക്കുന്ന
കൈകളോടെ അവൾ ആ കവർ വാങ്ങി

“ സഹായിക്കാൻ ആരോരുമില്ലാത്ത  ഞങ്ങൾക്ക് ഇത് വലിയൊരു സഹായമാണ്, നിങ്ങളോട് എങ്ങിനെ  നന്ദി പറയണമെന്നറിയില്ല..”

“ നന്ദി പറയേണ്ടത് ഞങ്ങളോടല്ല അല്ലാഹുവിനോടാണ് , പിന്നെ നല്ലമനസിൻെറ ഉടമകളായ ആയിരങ്ങളോട്. അവരുടടെ അദ്ധ്വാനത്തിൻെറ ഒരു വിഹിതമാണിത്.”

അറബിവീടുകളിലും മററും ജോലിചെയ്യുന്ന സാധാരണക്കാരായ ആളുകളാണ് ഇവരുടെ സംഘടനയിലധികവും.തൻെറ സഹോദരന് ഒരു ദുരന്തം സംഭവിക്കുംമ്പോൾ തൻെറ വിയർപ്പിൻെറ ഒരു വിഹിതം നൽകാൻ അവർ തെയ്യാറാവുന്നു. അങ്ങിനെ പലതുള്ളി പെരുംവെള്ളംപോലെ അതു നിരാലംബരായ കുടുംബത്തിന് വലിയൊരു സഹായമായി മാറുന്നു.അധികമാരും ചെയ്യാത്ത മഹത്തായ കാര്യമാണിത്.

എനിക്കത്ഭുതം തോന്നി. ഇന്നു ചെറിയൊരു സഹായം ചെയ്താൽ പോലും അതു നാലുപേർ അറിയണമെന്നു കരുതുന്നവരുടെ കൂട്ടത്തിൽ ഇവരുടടെ സംഘടന തുലോം വ്യത്യസ്തമാണ്. ലക്ഷങ്ങളാണ് ഈ കുടുംബത്തിനുവേണ്ടി ഇവർ നൽകിയത്.അതും ആരോരും അറിയാതെ.എനിക്ക് ഇവരുടെ സംഘടനയോട് ബഹുമാനം തോന്നി.

ഇറങ്ങാൻ നേരത്ത് കുട്ടികളുടെ തലയിൽ തലോടികൊണ്ട് മുനവ്വർ പറഞ്ഞു“ ഇവരുടെ വിദ്യാഭ്യാസത്തിനു വേണ്ടത് പിന്നീട് ഞങ്ങൾ ചെയ്യും.”

തിരിച്ചു നടക്കുംമ്പോൾ പിന്നിൽ നിന്ന് ദീർഘനിശ്വാസം കേട്ടു.അതു സമാധാനത്തിൻെറതായിരുന്നു. ഞാൻ തിരിഞ്ഞുനോക്കി. അവർ എല്ലാവരും ഞങ്ങളെയും നോക്കി നിൽക്കുകയാണ്.ഒരു സമാധാനത്തിൻെറ മിന്നലാട്ടം അവരുടെ മുഖങ്ങളിൽ അലയടിച്ചു കണ്ടു.

കാറിനടുത്തേക്ക് നടക്കുംമ്പോൾ കുഞ്ഞബ്ദുള്ള പറഞ്ഞു “ഹമീദിൻെറ മരണം അവൻെറ കുടുംബത്തെപോലെ തന്നെ ഞങ്ങൾക്കും ഒരു തീരാ നഷ്ടമാണ്.

“ എനിക്കറിയാം അവൻ നിങ്ങളുടെ പ്രധാന പ്രവർത്തകനായിരുന്നല്ലോ.”

ഹമീദിൻെറ സംഘടനാ പ്രവർത്തനത്തെപററി എനിക്ക് നന്നായി അറിയാം.അറബിവീടുകളിലും മററും ജോലിചെയ്യുന്ന ചെറിയ ശബളക്കാരായ സാധാരണക്കാരെ തിരഞ്ഞു പിടിച്ച് അംഗങ്ങളാക്കുന്നതിൽ ഹമീദ് വളരെയധികം ശ്രദ്ധിച്ചു. അങ്ങിനെയുള്ളവർക്കാണ് ഇതുപോലെയുള്ള സംഘടനകൊണ്ട്

ഏററവുംകൂടുതൽ പ്രയോജനമുണ്ടാകുന്നതെന്ന കാര്യം ഹമീദിനറിയാമായിരുന്നു.വിദൂരങ്ങളിൽ താമസിക്കുന്ന അവരെ കണ്ടെത്തുന്നതും അവരുടെ കാര്യങ്ങൾ ചെയ്തു കൊടുക്കുന്നതും വളരെ ശ്രമകരമായ സംഗതിയാണ്.അതെല്ലാം സ്വന്തം ഉത്തരവാദിത്യമായി ഏറെറടുത്തുകൊണ്ട് ചെയ്തു കൊടുക്കുന്നതിനായിരുന്നു ഹമീദ് തൻെറ ഒഴിവ് സമയം കൂടുതലും ഉപയോഗപ്പെടുത്തിയത്.സംഘടനയിൽ ഏററവും കൂടുതൽ അംഗങ്ങളെ ചേർത്ത ബഹുമതി ഹമീദിനായിരുന്നു

ഫിഷ് മാർക്കററിലെ അബ്ദുള്ളക്ക അസുഖമായി മരിച്ചെന്നെറിഞ്ഞപ്പോൾ ഹമീദ് ഏറെ സങ്കടപ്പെട്ടു. അയാളെകൊണ്ട് മെമ്പർഷിപ്പെടുപ്പിക്കാൻ വേണ്ടി എത്രയോ തവണ ഹമീദ് ശ്രമിച്ചതായിരുന്നു. പക്ഷെ അയാൾ മെമ്പർഷിപ്പ് എടുത്തിരുന്നില്ല.എടുത്തിരുന്നുവെങ്കിൽ അയാളുടെ കുടുംബത്തിനു അതൊരു ആശ്വാസമായേനെയെന്ന് ഹമീദ് എപ്പോഴും പറയുമായിരുന്നു.

എല്ലവർക്കും നല്ലൊരു ജീവിതം ഉണ്ടാകണമെന്ന് ആഗ്രഹിച്ച വ്യക്തിയായിരു ഹമീദ്. മററുള്ളവരുടെ ദുഖത്തിലും വേദനയിലും പങ്കുചേരാൻ അവനെപ്പോഴും ശ്രമിച്ചിരുന്നു. അവൻെറ ഈയൊരു മനസാണ് അവനെ അപകടത്തിൽപ്പെട്ടു മരിക്കാൻ ഇടയാക്കിയതെന്ന് എനിക്ക് ചിലപ്പോൾ തോന്നാറുണ്ട്.

വീടിൻെറ ഫിനിഷിങ്ങ് പണി തീർക്കാനുള്ള പൈസയുമായി നാല്മാസങ്ങൾക്കു മുൻപ് ഹമീദ് നാട്ടിൽ പോകാൻ ഒരുങ്ങിയതായിരുന്നു. അപ്പോഴാണ് ഹോട്ടൽ ജീവനക്കാരനായ കാദർക്കയുടെ പ്രശ്നം അറിയുന്നത്.

പത്ത്മുപ്പത് വർഷം ഗൾഫിൽ പലജോലികൾ ചെയ്തിട്ടും കരപിടിക്കാൻ കഴിയാത്ത ഒരാളായിരുന്നു കാദർക്ക.തൻെറ ദുഖങ്ങൾ മറച്ചുവെച്ചുകൊണ്ട് തമാശകൾ പറയുന്ന കാദർക്കയെ ഹമീദിന് വലിയ ഇഷ്ടമാണ്. വലിയൊരു കുടുംബത്തിൻെറ ഏക അത്താണിയായിരുന്നു അയാൾ , പോരാത്തതിനു എല്ലാം പെൺകുട്ടികളും. ആറെണ്ണത്തിനെ എങ്ങിനെയെങ്കിലും അയാൾ കെട്ടിച്ചയച്ചു. അവസാനത്തെ പെൺകുട്ടിക്ക് കല്യാണ പ്രായംകഴിഞ്ഞ്ഞുവെങ്കിലും അയാളുടെ സാമ്പത്തിക പരാധീനതകാരണം ഇതുവരെ കല്യാണം കഴിച്ച് അയക്കാനായില്ല. അതിൽ വളരെയധികം വിഷമമുള്ള ആളായിരുന്നു അയാൾ. മകളുടെ പ്രായത്തെപററിയോർക്കുംപോൾ അയാൾക്കു വേവലാതിയാണ്. ഇടക്കിടെയുള്ള അസുഖം കാരണം സ്ഥിരമായി ജോലി ചെയ്യാൻപോലും ഇപ്പോൾ അയാൾക്ക് സാധിക്കാതെ വരുന്നു.കണ്ണടയുന്നതിനുമുൻപ് അവളെയും കുടി ആരുടെയെങ്കിലും കൈപിടിച്ചേൽപിക്കണമെന്നതാണ് അയാളുടെ പ്രാർത്ഥന.

അങ്ങിനെയാണ് മാസത്തിൽ കുറച്ചു പൈസ മിച്ചംപിടിച്ച്കൊണ്ട് അയാൾ ഒരു കുറിക്ക് ചേരുന്നത്.ഇത് കിട്ടിയിട്ട് വേണം മകളുടെ വിഹാഹം നടത്താൻ. ഓരോ തവണയും അയാൾ പ്രതീക്ഷിക്കും ഇത്തവണ എനിക്കു തന്നെ നറുക്കു വീഴുമെന്ന് . എന്നാൽ ഭാഗ്യം അയാളെ തുണച്ചില്ല.

ആയിടക്ക് തരക്കേടില്ലാത്ത ഒരു ആലോചന മകൾക്കു വരികയും ചെയ്തു.ചെറുക്കൻെറ വീട്ടുകാർക്ക് വലിയ ഡിമാന്ററൊന്നുമില്ല. ചെറുക്കന് ലീവില്ലാത്തത് കൊണ്ട് അടുത്തമാസം തന്നെ  വിവാഹം നടത്തികൊടുക്കണം. നാട്ടിൽ നിന്നു് വിവരം അറിഞ്ഞപ്പോൾ കുറി നടത്തുന്നവനോട് കാദർക്ക വിവരം പറഞ്ഞു എങ്ങിനെയെങ്കിലും അടുത്ത നറുക്ക് എനിക്ക് തരണം. ആ മാസം നറുക്കെടുത്തപ്പോഴും കുറി കിട്ടിയത് മറൊരാൾക്കായിരുന്നു. അയാളും കാദർക്കയെപോലെ തന്നെ പൈസക്ക് വളരെയധികം തിടുക്കമുള്ള ആളായിരുന്നു അത്കൊണ്ട്  അയാൾക്ക് കാദർക്കയെ സഹായിക്കാനായില്ല.

പൈസ ഇപ്പോൾ കിട്ടിയില്ലെങ്കിൽ ഈ ആലോചന വേണ്ടാന്ന് വെക്കേണ്ടിവരും.അധികം ഡിമാൻൻെറാന്നുമില്ലാത്ത നല്ലൊരു ആലോചനയായിരുന്നു.അത് നഷ്ടപ്പെടുമെന്നോർത്തപ്പോൾ വല്ലാത്ത വിഷമം.ഹമീദിനെ കണ്ടപ്പോൾ കാദർക്ക മനസ് തുറന്നു.പറഞ്ഞു കഴിഞ്ഞപ്പോൾ അയാളുടെ കണ്ണു നിറഞ്ഞിരുന്നു.കുറച്ചുനേരത്തെ മൗനത്തിനുശേഷം ഹമീദ് പറഞ്ഞു " കാദർക്ക നിങ്ങൾ നാട്ടിൽ പോകാൻ ഒരുങ്ങിക്കോളു പൈസ തൽക്കാലം ഞാൻ തരാം , നിങ്ങളുടെ കുറികിട്ടിയിട്ട് തിരിച്ചു തന്നാൽ മതി. "

" മോനെ നിൻെറ നാട്ടിൽ പോക്കും വീടുപണിയും..."

" അതു സാരമില്ല വീടിൻെറ പണി രണ്ടു മൂന്ന് മാസം കൂടി നീണ്ടാലും പ്രശ്നമില്ല സാബിറാൻെറ വിഹാഹം നടക്കട്ടെ.." സ്നേഹത്തോടെ കെട്ടിപിടിച്ച്കൊണ്ട് കാദർക്ക പറഞ്ഞു " ഈ സഹായം ഒരിക്കലും ഞാൻ മറക്കില്ല "

ഹമീദ് കൊടുത്ത പൈസയുമായി കാദർക്ക  നാട്ടിൽപോയി മകളുടെ വിവാഹം നടത്തി സമാധാനമായി തിരിച്ചെത്തി. കാദർക്കയുടെ  കുറി കിട്ടിയിട്ട്  നാട്ടിൽ പോകാമെന്ന് കരുതി കാത്തിരിക്കമ്പാഴാണ് ഹമീദ് അപകടത്തിൽപെടുന്നത്. അല്ലായിരുന്നുവെങ്കിൽ വീടിൻെറ പണിതീർത്ത് കുടംബത്തോടൊപ്പം അവൻ സന്തോഷമായി ജീവിക്കുന്നുണ്ടാകുമായിരുന്നു. നമ്മൾക്ക് ആഗ്രഹിക്കാനല്ലേ കഴിയൂ നടപ്പിലാക്കുന്നത് പടച്ചവൻ മാത്രം.

കാറിനടുത്തേക്ക് നടക്കുംമ്പോൾ ഞാൻ പറഞ്ഞു." ഇതുപോലെ ആശ്രയമററവർക്ക് ഒരത്താണിയാവാൻ നിങ്ങളുടെ സംഘടനക്ക് കഴിയുന്നത് വലിയൊരു കാര്യമാണ്.  ഹമീദിൻെറ കുടുംബത്തിനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്നു ഞാനും വിചാരിക്കുന്നു.കുട്ടികളുടെ പഠനത്തിനുള്ള ചിലവ് ഞാൻ

*വഹിക്കാം.അതോടൊപ്പം നിങ്ങളുടെ സംഘടനയിൽ അംഗമാകാനും ഞാൻ ആഗ്രഹിക്കുന്നു.”*

*എൻെറ കരംഗ്രഹിച്ചുകൊണ്ട് കുഞ്ഞബ്ദുള്ള പറഞ്ഞു ” ഹമീദിനുവേണ്ടി നമ്മൾക്ക് ചെയ്യാൻ കഴിയുന്ന ഏററവും നല്ല കാര്യമാണിത്. ഈ യാത്ര എല്ലാംകൊണ്ടും സഫലമായി. “*

*ഞങ്ങൾ മടങ്ങുംമ്പോൾ പുറക്കാട്ടിരി പുഴയിൽ നിന്നു അടിച്ചെത്തിയ തണുത്ത കാററ് ഒരു സാന്ത്വനം പോലെ ഞങ്ങളെ തഴുകി തലോടി കടന്നു പോയി.അതു ശരീരത്തെയെന്നപോലെ മനസിനെയും തണുപ്പിച്ചു*

----------------------------------